"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - കേരള സംസ്ഥാന സാമൂഹ്യനീതി വകുപ്പിനുകീഴിൽ മുൻപ് പ്രവർത്തിച്ചിരുന്ന ഇടുക്കി ജില്ലാതല ഇന്റഗ്രേറ്റഡ് ചൈൽഡ് ഡെവലപ്മെന്റ് സ്കീം (ഐ.സി.ഡി.എസ്) സെല്ലിൽ പ്രോഗ്രാം ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ സർവ്വീസിൽനിന്നും വിരമിച്ച ശ്രീ. പി. ശങ്കരനാരായണനെതിരെയുള്ള വകുപ്പുതല അച്ചടക്കനടപടികൾ തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.87/2026/SJD തീയതി,തിരുവനന്തപുരം, 15-03-2026

---

പരാമർശം:-

1. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 23.03.2019-ലെ ഇ.5-37218/2005 നമ്പർ കത്തും, 13.07.2020, 11.11.2020, 11.07.2025 എന്നീ തിയതികളിലെ എസ്.ജെ.ഡി./2260/2020-ഇ.5. നമ്പർ കത്തുകളും.
2. വനിതാ ശിശുവികസന വകുപ്പ് ഡയറക്ടറുടെ 05.07.2019, 16.12.2019, 03.06.2020, 28.09.2020, 16.11.2020 എന്നീ തിയതികളിലെ ഡബ്ലിയു.സി.ഡി./ഇ.5.-5813/10 നമ്പർ കത്തുകൾ.
3. സാമൂഹ്യനീതി വകുപ്പിൽ ഇടുക്കി ജില്ലാ തല ഐ.സി.ഡി.എസ് സെല്ലിൽ പ്രോഗ്രാം ഓഫീസർ തസ്തികയിൽ വിരമിച്ച ശ്രീ. പി. ശങ്കരനാരായണന്റെ 04.07.2024-ലെ അപേക്ഷ.

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന സാമൂഹ്യനീതി വകുപ്പിനുകീഴിൽ മുൻപ് പ്രവർത്തിച്ചിരുന്ന ഇടുക്കി ജില്ലാതല ഇന്റഗ്രേറ്റഡ് ചൈൽഡ് ഡെവലപ്മെന്റ് സ്കീം (ഐ.സി.ഡി.എസ്) സെല്ലിൽ പ്രോഗ്രാം ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 31.10.2013-ൽ സർവ്വീസിൽനിന്നും വിരമിച്ച തനിക്ക് ലഭിക്കേണ്ട അന്തിമ പെൻഷൻ, റിട്ടയർമെന്റ് ഗ്രാറ്റുവിറ്റി, പെൻഷൻ കമ്മ്യൂട്ടേഷൻ എന്നിവ ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ച് ശ്രീ. പി. ശങ്കരനാരായണൻ പരാമർശം 3-പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2. ഈ വിഷയത്തിൽ സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ പരാമർശം 1-പ്രകാരം (11.07.2025-ൽ) ചുവടെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കുകയുണ്ടായി.

"ശ്രീ. പി. ശങ്കരനാരായണൻ, കേരള സംസ്ഥാന സാമൂഹ്യനീതി വകുപ്പിനുകീഴിൽ മുൻപ് എറണാകുളം ജില്ലയിൽ മുളന്തുരുത്തിയിൽ പ്രവർത്തിച്ചിരുന്ന ഇന്റഗ്രേറ്റഡ് ചൈൽഡ് ഡെവലപ്മെന്റ് സ്കീമിൽ (ഐ.സി.ഡി.എസ്) ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ (സി.ഡി.പി.ഒ.) തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന കാലയളവിൽ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റിലെ പ്രോജക്ട് കോർഡിനേറ്റർ ടി കാര്യാലയത്തിൽ പരിശോധന നടത്തുകയും ബാലികസമൃദ്ധി യോജന പദ്ധതിയുടെ നടത്തിപ്പിൽ ഗുരുതരമായ സാമ്പത്തിക ക്രമക്കേടുണ്ടെന്ന് റിപ്പോർട്ട് നൽകുകയും ചെയ്തു. കൂടാതെ ശ്രീ. പി. ശങ്കരനാരായണൻ വടവുകോട് ഐ.സി.ഡി.എസ്.-ന് കീഴിൽ സേവനമനുഷ്ഠിച്ചിരുന്ന കാലയളവിൽ, അംഗനവാടി വർക്കർ - ഹെൽപ്പർ എന്നിവർക്ക് ഹോണറേറിയം ഇനത്തിൽ അനുവദിക്കേണ്ട തുകയിൽ ക്രമക്കേട്

നടത്തിയതായി കോലഞ്ചേരി സബ് ട്രഷറി ഓഫീസർ പോലിസ് സ്റ്റേഷനിൽ പരാതികൊടുത്തു. പ്രസ്തുത വിവരം ശിശു വികസന പദ്ധതി ഓഫീസർ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറെ അറിയിച്ചതിനെ തുടർന്ന് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നേതൃത്വത്തിൽ പ്രാഥമിക അന്വേഷണം നടത്തി. തുടർന്ന് ഫിനാൻസ് ഓഫീസറുടെ നേതൃത്വത്തിൽ 01.10.2002 മുതൽ 22.05.2006 വരെയുള്ള കണക്കുകൾ പരിശോധിക്കുകയും വടവുകോട് ഐ.സി.ഡി.എസ്.-ൽ 01.10.2002 മുതൽ 22.05.2006 വരെയുള്ള കാലയളവിൽ സി.ഡി.പി.ഒ.-മാരായി സേവനമനുഷ്ഠിച്ചിരുന്നവരെല്ലാം ഉത്തരവാദികളാണെന്ന് ആരോപിച്ചുകൊണ്ട് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.

മേൽ പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. ശങ്കരനാരായണൻ എറണാകുളം ജില്ലയിൽ മുളന്തുരുത്തിയിൽ ശിശു വികസന പദ്ധതി ഓഫീസറായി സേനമനുഷ്ഠിച്ചിരുന്ന 01.09.2004 മുതൽ 27.11.2004 വരെയുള്ള കാലയളവിൽ 1,22,759/- രൂപയുടെ ക്രമക്കേട് നടന്നതായി റിപ്പോർട്ട് ചെയ്തിരുന്നു. തുടർന്ന് അപേക്ഷകനായ ശ്രീ. ശങ്കരനാരായണനെ 08.02.2006.-ൽ സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്തു. 30.09.2006-ൽ മേൽ പറഞ്ഞ കേസിൽ ശ്രീ. ശങ്കരനാരായണന് ചാർജ്ജ് മെമ്മോ കൊടുത്തിരുന്നു. എന്നാൽ വടവുകോട് ഐ.സി.ഡി.എസ്.-ലെ ക്രമക്കേടു പരിശോധിക്കുന്നതിന് സി.സി. 288/2016 & സി.സി. 289/2016 എന്നീ ക്രമ നമ്പർ. കേസുകളായി വിജിലൻസ് അന്വേഷണം നടന്നുവരുന്ന സാഹചര്യത്തിൽ ടിയാൾക്കെതിരെയുള്ള അച്ചടക്കനടപടിയിൽ തുടർനടപടികൾ സ്വീകരിച്ചിരുന്നില്ല.

സാമൂഹ്യക്ഷേമ വകുപ്പ് മുൻ ഡയറക്ടറുടെ 08.02.2006-ലെ ഇ 5)-16719/2005(1) നം. ഉത്തരവ് പ്രകാരമുള്ള സസ്പെൻഷൻ കാലയളവ് നാല് വർഷത്തോളം നീണ്ടുപോകുകയും ചെയ്തതിനെ തുടർന്ന് സർവ്വീസിൽ നിന്നും വിരമിയ്ക്കുവാൻ രണ്ടു വർഷം മാത്രം അവശേഷിക്കുന്ന സാഹചര്യത്തിലും വിജിലൻസ് കേസ് തീർപ്പാക്കുവാൻ കാലതാമസമെടുക്കുമെന്നതിനാലും ടിയാനെ സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ 12.03.2010-ലെ ഇ5-5813/10 നം. ഉത്തരവ് പ്രകാരം സർവ്വീസിൽ പുന:പ്രവേശിപ്പിക്കുകയും, ടിയാൻ 23.03.2010 ൽ കോഴിക്കോട് ജുവൈനൽ ഹോമിൽ (ബോയ്സ്) ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് -I തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. പിന്നീട് സ്ഥലംമാറ്റത്തിലൂടെ ഇടുക്കി ജില്ലാതല ഐ.സി.ഡി.എസ് സെല്ലിൽ പ്രോഗ്രാം ഓഫീസറായി നിയമിക്കുകയും 31.10.2013-ൽ സേവനത്തിൽ നിന്നും വിരമിക്കുകയും ചെയ്തു.

സാമ്പത്തികക്രമക്കേടിന് പൂർണ്ണ ഉത്തരവാദി എറണാകുളം ജില്ലയിൽ മുളന്തുരുത്തിയിൽ പ്രവർത്തിച്ചിരുന്ന ഇന്റഗ്രേറ്റഡ് ചൈൽഡ് ഡെവലപ്മെന്റ് സ്കീമിലെ അന്നത്തെ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി. പി. യു. ഷീബ മാത്രമാണെന്നും ടിയാളെ മാത്രം പ്രോസിക്യൂട്ട് ചെയ്താൽ മതിയെന്നും സൂപ്പർവൈസറി ലാപ്സ് മാത്രമാണ് ജീവനക്കാരന്റെ (ശ്രീ. ശങ്കരനാരായണൻ) പേരിൽ ഉള്ളതെന്നും വിജിലൻസ് വകുപ്പ് 09.09.2015-ന് അറിയിച്ചിരുന്നു. മേൽ കേസുകളിൽ ശ്രീമതി പി. യു. ഷീബയുടെ പേരിൽ ബാധ്യത നിശ്ചയിക്കുകയും ആയത് തിരിച്ചു പിടിക്കാൻ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യ തയ്യാറാക്കിയ 2019 മാർച്ച് മാസത്തിൽ അവസാനിക്കുന്ന സാമ്പത്തിക വർഷത്തെ ഓഡിറ്റ്റിപ്പോർട്ടിലെ ഖണ്ഡിക 3.6-ൽ നിർദ്ദേശം ഉള്ളതുമാണ്.

വിജിലൻസ് കേസ് നിലനിൽക്കുന്ന സാഹചര്യത്തിൽ സർവ്വീസിൽ നിന്നും വിരമിച്ച ടിയാന് പ്രൊവിഷണൽ പെൻഷൻ മാത്രം അനുവദിച്ചു കൊണ്ട് 16/11/2020-ലെ WCD/E5-5813/10 നം. കത്ത്

പ്രകാരം സംസ്ഥാന വനിതാശിശുവികസന വകുപ്പ് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മുളന്തുരുത്തി ഐ.സി.ഡി.എസ്.-ൽ സി.ഡി.പി.ഒ. (Child Development Project Officer) ആയി സേവനമനുഷ്ഠിച്ച് വരുന്ന കാലയളവിൽ ബാലികസമൃദ്ധി യോജന പദ്ധതിയുടെ നടത്തിപ്പിലുള്ള ക്രമക്കേടുകൾ സംബന്ധിച്ച വിജിലൻസ് കേസ് സി.സി. 288/2016 നമ്പർ കേസിലും, വടവുകോട് ഐ.സി.ഡി.എസ്.-ന് കീഴിൽ സേവനമനുഷ്ഠിച്ചിരുന്ന അംഗനവാടി വർക്കർ - ഹെൽപ്പർ എന്നിവർക്ക് ഹോണറേറിയം ഇനത്തിൽ അനുവദിക്കേണ്ട തുകയിലുള്ള ക്രമക്കേടുകൾ സംബന്ധിച്ച സി.സി. 289/2016 നമ്പർ വിജിലൻസ് കേസിലും ടിയാനെ ബഹു. വിജിലൻസ് കോടതി കുറ്റവിമുക്തനാക്കിയിരുന്നു."

3. 31.10.2013 ന് സർവ്വീസിൽ വിരമിച്ച ശ്രീ ശങ്കരനാരായണനെതിരെ അച്ചടക്ക നടപടി ആരംഭിക്കുന്നതിന്റെ ഭാഗമായി സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ ചാർജ്ജ് മെമ്മോ നൽകിയത് 30.09.2006-ലാണ്. വിജിലൻസ് കേസ് നിലനിൽക്കുന്നതിനാൽ ടിയാനെതിരായ അച്ചടക്ക നടപടി സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ തീർപ്പുകല്പിച്ചില്ല. വിജിലൻസ് കോടതി ടിയാനെ കുറ്റവിമുക്തനാക്കിയതിനാൽ തനിക്കെതിരായ നടപടികൾ അവസാനിപ്പിച്ച് റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നല്കണമെന്ന ടിയാന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ടിയാൻ പെൻഷൻ പറ്റുന്ന കാലയളവിൽ വഹിച്ചിരുന്ന പ്രോഗ്രാം ഓഫീസർ തസ്തികയുടെ നിയമനാധികാരി സർക്കാർ ആയതിനാൽ ടി ജീവനക്കാരനെതിരെ ആരംഭിച്ച വകുപ്പുതല അച്ചടക്ക നടപടി സർക്കാർ തലത്തിൽ തീർപ്പുകല്പിക്കണമെന്നും സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന സാമൂഹ്യനീതി വകുപ്പിനുകീഴിൽ മുൻപ് പ്രവർത്തിച്ചിരുന്ന ഇടുക്കി ജില്ലാതല ഇന്റഗ്രേറ്റഡ് ചൈൽഡ് ഡെവലപ്മെന്റ് സ്കീം (ഐ.സി.ഡി.എസ്) സെല്ലിൽ പ്രോഗ്രാം ഓഫീസർ തസ്തികയിൽ നിന്ന് ശ്രീ ശങ്കരനാരായണൻ വിരമിച്ച് 12 വർഷം ആയിട്ടുണ്ട്. കേരള സംസ്ഥാന വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ടിയാനെതിരെ രജിസ്റ്റർ ചെയ്തിരുന്ന എല്ലാ കേസുകളിൽ നിന്നും ബഹു. വിജിലൻസ് കോടതി ടിയാനെ കുറ്റവിമുക്തനാക്കിയിട്ടുമുണ്ട്. ഈ കാരണങ്ങളാൽ ടിയാനെതിരെ ഇനിയും അച്ചടക്ക നടപടി തുടരേണ്ട സാഹചര്യം കാണുന്നില്ല. ആയതിനാൽ ബഹു. വിജിലൻസ് കോടതി കുറ്റവിമുക്തനാക്കുകയും 31.10.2013-ന് സർവ്വീസിൽ നിന്നും വിരമിക്കുകയും ചെയ്ത ശ്രീ ശങ്കരനാരായണനെതിരെ കെ.എസ്.ആർ. ഭാഗം-III ചട്ടം-3(a) പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതില്ലാത്തതിനാൽ ശ്രീ ശങ്കരനാരായണനെതിരെ ആരംഭിച്ച വകുപ്പുതല അച്ചടക്ക നടപടികൾ അവസാനിപ്പിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം

ഡോ അദീല അബ്ദുള്ള ഐ എ എസ്

സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം

ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്, പൂജപ്പുര, തിരുവനന്തപുരം

ശ്രീ. പി. ശങ്കരനാരായണൻ, ശ്രീഹരി, നമ്പർ. 114, റ്റി.ഇ.എൻ.ആർ.എ.,

തേവള്ളി. പി. ഒ., കൊല്ലം - 691009

ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം/കൊല്ലം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (അഡ്മിനിസ്.എ) വകുപ്പ് (പ്രസ്തുത വകുപ്പിന്റെ 15.12.2025-ലെ അഡ്മിനിസ്.എ.1/ 233/2025/പി.ആന്റ്.എ.ആർ.ഡി. നമ്പർ കുറിപ്പ് പ്രകാരം)

ധനകാര്യ (വെൽഫെയർ വിംഗ് ) വകുപ്പ് (പ്രസ്തുത വകുപ്പിന്റെ 20.10.2025-ലെ ഡബ്ലിയു.ഡബ്ലിയു.2/256/2018/ധന നമ്പർ കുറിപ്പ് പ്രകാരം)

വിജിലൻസ് (ഡി) വകുപ്പ് (പ്രസ്തുത വകുപ്പിന്റെ 06.03.2008-ലെ 12140/ഡി.3/2007/വി.ജി. 04.12.2015-ലെ 6731/ഡി.3/2015/വി.ജി., 25.10.2020, 20.02.2026 എന്നീ തിയതികളിലെ ഡി.3/299/2020/വി.ജി. നമ്പർ കുറിപ്പുകളിൻ പ്രകാരം)

ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം (താങ്കളുടെ 27.11.2014, 09.09.2015 എന്നീ തിയതികളിലെ സി.2.(വി.സി. 01/07.(ഇ.കെ.എം.) 4184/07 നമ്പർ കത്തുകൾ പ്രകാരം)

വനിതാ ശിശു വികസന (എ) വകുപ്പ് (അറിവിലേയ്ക്കായി)

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ, വിവരപൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Vipin S D
Date: 16-03-2026 10:50:09
സെക്ഷൻ ഓഫീസർ